മത്സ്യത്തൊഴിലാളികൾക്കായി അനുവദിച്ച വീടുകളുടെ നിർമ്മാണ പുരോഗതി

152 (902) ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പത്താം ധനകാര്യ കമ്മീഷൻ അവാർഡ് സ്കീം മുഖേന കാസർഗോഡ് ജില്ലയിൽ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികൾക്കായി അനുവദിച്ച വീടുകളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുവദിച്ച വീടുകൾ പൂർത്തിയായവ, നിർമ്മാണത്തിൽ ഉള്ളത്, നിർമ്മാണം തുടങ്ങാത്തത് എന്നിവ പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ ?

ഉത്തരം

ആകെ 362 വീടുകൾ അനുവദിച്ചതിൽ 324 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 37 വീടുകളുടെ നിർമ്മാണം വിവിധഘട്ടങ്ങളിലായി നടന്നു വരുന്നു. ഒരു വീടിന്റെ നിർമ്മാണപ്രവർത്തനം തുടങ്ങിയിട്ടില്ല. ഇവയുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിരിക്കുന്നു. †

മത്സ്യത്തൊഴിലാളികൾക്കുള്ള പാർപ്പിട പദ്ധതി

153 (903) ശ്രീ. ബി. വിജയകുമാർ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം ധനകാര്യകമ്മീഷൻ ശുപാർശ ചെയ്തപ്രകാരം കേന്ദ്ര ഗവൺമെന്റിന്റെയും ദേശീയ മത്സ്യത്തൊഴിലാളിക്ഷേമനിധിയുടെയും സഹായത്തോടെ സംസ്ഥാന ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികൾക്കുള്ള പാർപ്പിട പദ്ധതി നടപ്പാക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതി അനുസരിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും ദേശീയ മത്സ്യത്തൊഴിലാളിക്ഷേമനിധിയിൽ നിന്നും എന്തു തുക സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട് ;

(സി) ഈ പദ്ധതിപ്രകാരം 2000-2001-ൽ സംസ്ഥാനത്ത് എത്ര മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിടമുണ്ടാക്കികൊടുക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത് ;

(ഡി) അതിൽ എത്രപേർക്ക് ഇതുവരെ സഹായധനത്തിനുള്ള ചെക്ക് നൽകി ;

(ഇ) ഈ ചെക്കുകൾ മാറ്റുന്നതിനായി ട്രഷറികളിൽ ഹാജരാക്കിയപ്പോൾ എത്രയെണ്ണത്തിന് തുക നൽകി ; എത്ര എണ്ണം മടക്കി അയച്ചു ;

---

† അനുബന്ധം XV

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ട്രഷറിയിൽ നിന്നും ഈ ചെക്കുകൾ മടക്കി അയയ്ക്കുന്നതിനുള്ള കാരണമെന്ത് ;

(ജി) ചെക്കുകൾ മടക്കി അയച്ചതിൽ പ്രതിഷേധിച്ച് തിരുവനന്തപുരം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറെ 2001 ജനുവരിയിൽ മത്സ്യത്തൊഴിലാളികൾ തടഞ്ഞുവച്ചുവോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്താം ധനകാര്യകമ്മീഷൻ അവാർഡ്പ്രകാരമുള്ള ഭവനനിർമ്മാണ പദ്ധതി നടത്തിപ്പിനായി കേന്ദ്രസർക്കാരിൽ നിന്നും ഇതുവരെ 2,700 ലക്ഷം രൂപയും, ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെയുള്ള ഭവനനിർമ്മാണ പദ്ധതിയ്ക്കായി ഇതുവരെ 460.81 ലക്ഷം രൂപയും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(സി) 2285 വീടുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) 537 പേർക്ക്.

(ഇ) നൽകിയിരുന്ന 537 ചെക്കുകളിൽ 108 ചെക്കുകൾ മടക്കി അയച്ചിട്ടുണ്ട്.

(എഫ്) ട്രഷറി നിയന്ത്രണം.

(ജി) മത്സ്യത്തൊഴിലാളികൾ തടഞ്ഞുവച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട നിർമ്മാണത്തിനായി ഗ്രാന്റ്

154 (904) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം ധനകാര്യകമ്മീഷൻ ശുപാർശപ്രകാരവും നാഷണൽ ഫിഷർമെൻ വെൽഫയർഫണ്ട് ബോർഡിന്റെ സാമ്പത്തിക സഹായത്തോടെയും പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട നിർമ്മാണത്തിനായി ഗ്രാന്റായി എന്തു തുകയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) ഈ തുക ഇതുവരെ എത്രപേർക്ക് നൽകിയിട്ടുണ്ട് ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർമാർ ട്രഷറികളിൽ എന്തു തുക നിക്ഷേപിച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഡി) ഈ തുക അടിയന്തിരമായി പിൻവലിച്ച് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly